ശ്രീ. എം. കെ. കേശവൻ :

,, കെ. ആർ. ചന്ദ്രമോഹനൻ :

,, കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമവകുപ്പിൻ കീഴിൽ സംസ്ഥാനത്ത് എത്ര ഫീഡിംഗ് സെൻററുകൾ പ്രവർത്തിച്ചു വരുന്നു ;

(ബി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എത്ര ഫീഡിംഗ് സെൻററുകൾ നിറുത്തലാക്കി ;

(സി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ഡി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എത്ര ഫീഡിംഗ് സെൻററുകൾ ആരംഭിച്ചു ;

(ഇ) അതിൻെറ ജില്ല തിരിച്ച കണക്ക് വ്യക്തമാക്കുമോ ;

(എഫ്) സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കു വേണ്ടി ഈ സാമ്പത്തിക വർഷം നീക്കി വച്ചിരുന്ന തുകയിൽ എത്ര ലാപ്സായിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പിൻെറ കീഴിൽ ഇപ്പോൾ ഫീഡിംഗ് മാത്രമായി സെൻററുകൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല. ഐ. സി. ഡി. എസ്. പദ്ധതിയുടെ കീഴിലുള്ള അംഗനവാടികളും അംഗനവാടികളുടെ നിലവാരത്തിലേക്കുയർത്തിയിട്ടുള്ള പ്രത്യേക പോഷകാഹാര പരിപാടികളും മാത്രമേ പ്രവർത്തിക്കുന്നുള്ളൂ.

(ബി) 2909.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഡി) ഫീഡിംഗ് സെൻറർ മാത്രമായി ഒന്നും ആരംഭിച്ചിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഇക്കാര്യം സാമ്പത്തികവർഷം കഴിഞ്ഞതിനുശേഷമേ പറയാൻ സാധിക്കുകയുള്ളൂ.

ബാലവാടി അദ്ധ്യാപികമാർക്ക് അംഗനവാടി വർക്കർമാരായി നിയമനം നൽകുവാനുള്ള തീരുമാനം

62 [70] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ വികസന വകുപ്പിൻെറ കീഴിൽ പ്രവർത്തിച്ചിരുന്ന ബാലവാടി അദ്ധ്യാപികമാർക്ക് ഐ. സി. ഡി. എസ്. പ്രോജക്ടിൻെറ കീഴിൽ അംഗനവാടി വർക്കർമാരായി നിയമനം നൽകുവാൻ തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ തീരുമാനപ്രകാരം എത്ര ബാലവാടി അദ്ധ്യാപികമാർക്കാണ് അംഗൻവാടി വർക്കർമാരായി നിയമനം നൽകിയിട്ടുള്ളത് ;

(സി) എസ്. എസ്. എൽ. സി. പാസ്സാകാത്തവരും എന്നാൽ ഏറെക്കാലം ബാലവാടി അദ്ധ്യാപികമാരായി പ്രവർത്തിച്ചു വരുന്നവരുമായവർക്ക് വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് ചെയ്ത് അംഗനവാടി വർക്കർമാരായി നിയമനം നടത്തണമെന്ന് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തു തീരുമാനം എടുത്തുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അംഗനവാടി വർക്കർമാരായി നിയമിക്കുന്നതിന് യോഗ്യതയുള്ള ബാലവാടി അദ്ധ്യാപികമാരെ നിയമിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഉണ്ട്.

(ഡി) പരിശോധിച്ചു വരുന്നു.

സംസ്ഥാനത്തെ അംഗനവാടികൾ

63 [71] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെയുള്ള അംഗനവാടി വർക്കർമാർ എത്ര ; ഹെൽപ്പർമാർ എത്ര ;

(ബി) 1985-86 വർഷത്തിൽ ഇവർക്ക് അലവൻസായി കൊടുത്ത തുക എത്ര ;

(സി) അതിലേക്ക് വേണ്ടിയുള്ള രൂപ കേന്ദ്രസർക്കാർ നൽകുന്നുതാണോ?

ഉത്തരം

(എ) അംഗനവാടി വർക്കർമാർ—7383.

അംഗനവാടി ഹെൽപ്പർമാർ—7383.

(ബി) 1985-86 വർഷത്തിൽ 1-3-1986 വരെ ഇവർക്ക് 2,86,80,420 രൂപ ഓണറേറിയമായി നൽകിയിട്ടുണ്ട്.

(സി) ഇതിൽ കേന്ദ്രമേഖലാ പ്രോജക്ടുകളിലുള്ള 4641 വർക്കർമാരുടെയും 4641 ഹെൽപ്പർമാരുടെയും ഓണറേറിയം കേന്ദ്ര ഗവൺമെന്റ് നൽകുന്നതാണ്.

സഹകരണ വകുപ്പ് പ്രസിദ്ധീകരണം

64 [72] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പ് പ്രസിദ്ധീകരിക്കുന്ന പ്രസിദ്ധീകരണങ്ങൾ എത്ര ; ഏതെല്ലാം ;

(ബി) അതിലേയ്ക്കു 1985-86 വർഷം ചെലവായ തുക എത്ര ;

(സി) 1985-86-ൽ സഹകരണ വകുപ്പ് പരസ്യത്തിനുവേണ്ടി ചെലവാക്കിയ തുക എത്ര?

ഉത്തരം

(എ) ഒന്ന് ; സഹകരണവീഥി മാസിക.

(ബി) 13-3-1986 വരെ സഹകരണവീഥി പ്രസിദ്ധീകരണത്തിനു വേണ്ടി 60,985 രൂപ ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly